**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : **5019** — **24.07.2015 ൽ** മറുപടിയ്ക്ക്

## ദലിത് ക്രൈസ്തവ വിദ്യാർത്ഥികൾക്കുള്ള സ്റ്റൈഫന്റ്/ലംസം ഗ്രാന്റ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ. എ.പി. അനിൽകുമാർ (പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)** |
| എ) | ദലിത് ക്രൈസ്തവ വിദ്യാർത്ഥികൾക്കുള്ള സ്റ്റൈഫന്റും ലംസംഗ്രാന്റും നല്കുന്നതിലെ അപാകത പരിഹരിച്ച് വ്യക്തമായ ഉത്തരവ് സർക്കാർ പുറപ്പെടുവിക്കുമോ; പ്രസ്തുത ആനുകൂല്യം 'സ്കോളർഷിപ്പ്' അല്ല 'ഗ്രാന്റ്' ആണെന്ന് സർക്കാർ ഉത്തരവിൽ വ്യക്തമാക്കി ഈ വിഭാഗത്തിലെ കുട്ടികൾക്ക് ആശ്വാസം നല്കുന്ന കാര്യം പരിശോധിക്കുമോ; | എ) | സ്റ്റൈഫന്റും ലംസം ഗ്രാന്റും, വിദ്യാഭ്യാസാനുകൂല്യങ്ങൾ ആണ് ഇത് അർഹതയുള്ള എല്ലാ ദലിത് വിദ്യാർത്ഥികൾക്കും ലഭ്യമാണ്. എന്നാൽ സ്കോളർഷിപ്പ് വിദ്യാഭ്യാസാനുകൂല്യമാണെങ്കിലും പഠനമികവിന്റെയും മറ്റും അടിസ്ഥാനത്തിൽ അനുവദിക്കുന്നതാണ്. |
| ബി) | സ്റ്റൈഫന്റും ലംസംഗ്രാന്റും തുക വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുമോ; | ബി) | നിലവിൽ അനുവദിച്ചു വരുന്ന സ്റ്റൈഫന്റും, ലംസംഗ്രാന്റും വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലാണ്. |
| സി) | സ്വാശ്രയ പ്രൊഫഷണൽ കോഴ്സുകളിൽ അഡ്മിഷൻ നേടുന്ന ഒ. ഇ. സി. കുട്ടികൾക്ക് ഫീസ് ഇളവ് നല്കുന്ന കാര്യത്തിൽ അനുകൂല തീരുമാനമുണ്ടാകുവാൻ വകുപ്പ് മുൻകൈയെടുത്ത് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | സി) | സ. ഉ. (അച്ചടി) 50/2009/പജപവവിവ തീയതി 02.07.2009 ഉത്തരവ് പ്രകാരം പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട് ചെയ്യുന്ന പ്രകാരം പ്രവേശനം നേടുന്നവർക്കും ഡി. എം. ഇ., ഡി. എച്ച്. എസ്., നേഴ്സിംഗ് കൗൺസിൽ തുടങ്ങിയ സർക്കാർ അംഗീകൃത ഏജൻസികൾ തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നും, സർക്കാർ അംഗീകൃത സ്വാശ്രയ സ്ഥാപനങ്ങളിലെ പ്രൊഫഷണൽ കോഴ്സുകൾക്ക് അലോട്ട്മെന്റ് വഴി പ്രവേശനം നേടുന്ന പട്ടികജാതി/ മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്കും സർക്കാർ / സർക്കാർ ഏജൻസി /യൂണിവേഴ്സിറ്റി നിശ്ചയിക്കുന്ന ഫീസ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസാനുകൂല്യം നിലവിൽ അനുവദിച്ച് വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**